ss **1** യൂണിറ്റ് **3** <u>**പൊതുഭരണം**</u>

**1. പാശ്ചാത്യ ചിന്തകനായ എൻ.ഗ്ലാഡൻ പൊതുഭരണത്തിന് നൽകിയിരിക്കുന്ന നിർവ്വചനം എന്ത്?**

പൊതുഭരണ മെന്നാൽ ഗവൺമെൻ്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.

**2. പൊതുഭരണം എന്നാൽ എന്ത്?**

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെൻറിൻ്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പിലാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണമെന്ന് പറയുന്നു.

**3. പൊതുഭരണത്തിൽ ഗവൺമെൻ്റ് സ്ഥാപനങ്ങളുടെ പങ്ക് എന്ത്?**

ഗവൺമെൻ്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിൻ്റെ ഭാഗമാണ്. ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.

**4. രാജഭരണകാലത്തെയും ഇന്നത്തെ ജനാധിപത്യ വ്യവസ്ഥിതിയിലെയും പൊതുഭരണങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്?**

രാജഭരണകാലത്ത് രാജാവിൻ്റെ താല്പര്യങ്ങളായിരുന്നു പൊതുഭരണത്തിൻ്റെ അടിസ്ഥാനം. എന്നാൽ ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ താല്പര്യങ്ങളാണ് പ്രധാനം.

**5. പൊതുഭരണത്തിൻ്റെ പ്രാധാന്യം വ്യക്തമാക്കുക.**

ഗവൺമെൻ്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു.
ജനക്ഷേമം ഉറപ്പാക്കുന്നു.

**6. പൊതുഭരണം എങ്ങനെയായിരിക്കണമെന്നാണ് ഗാന്ധിജി ആഗ്രഹിച്ചത്?**

എല്ലാവരുടെയും താല്പര്യ സംരക്ഷണമാണ് പൊതുഭരണത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്.

RK GHSS KADANNAPPALLI

എന്നാൽ കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവർ സമൂഹത്തിലുണ്ടെന്നും അവരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും വേണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**7. ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ സ്വാധീനിച്ച ഗാന്ധിയൻ ആശയമേത്?**
ഗ്രാമസ്വരാജ്
* തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം കൊണ്ടത് ഗ്രാമ സ്വരാജ് ആശയമനുസരിച്ചാണ്.

**8. ഉദ്യോഗസ്ഥ വൃന്ദം' (beauracy) എന്നാൽ എന്ത്?**
രാജ്യത്തിൻ്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുകയും പൊതുഭരണത്തിൻ കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥ വൃന്ദം എന്ന് പറയുന്നു.

**9. ഉദ്യോഗസ്ഥ വൃന്ദത്തിൻ്റെ സവിശേഷതകൾ എന്തെല്ലാം?വിശദമാക്കുക**
1.**ശ്രേണീപരമായ സംഘാടനം (Hierarchical organisation)** :------ ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്ക് വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി. ഇത് ശ്രേണീപരമായ സംഘാടനം എന്നാണറിയപ്പെടുന്നത്.
2**. സ്ഥിരത (Permanence)**:----- ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായം വരെ സേവന കാലാവധി ഉണ്ടായിരിക്കും.
3. **യോഗ്യത അടിസ്ഥാനമാക്കി നിയമനം(Appointment on the basis of qualification):-** വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.
4. **രാഷ്ട്രീയ നിഷ്പക്ഷത (Political Neutrality)**:- ഏത് രാഷ്ട്രീയ കക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾ ഇല്ലാതെ നിഷ്പക്ഷമായി പ്രവർത്തിക്കണം.
5. **വൈദഗ്ധ്യം(Professionalism):-** ഓരോ ഗവൺമെൻ്റ് ഉദ്യോഗസ്ഥനും തങ്ങൾ നിർവ്വഹിക്കുന്ന തൊഴിലിൽ വൈദഗ്ധ്യം ഉള്ളവരായിരിക്കും.

RK GHSS KADANNAPPALLI

**10. ആരൊക്കെ ഉൾപ്പെട്ടതാണ് ഇന്ത്യൻ സിവിൽ സർവ്വീസ്?**

കേന്ദ്ര ഗവൺമെൻ്റ്
സംസ്ഥാന ഗവൺമെൻ്റുകൾ
പൊതുമേഖലാ സ്ഥാപനങ്ങൾ

} ഇവയ്ക്ക് കീഴിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരും

**11. ഇന്ത്യയിലെ ഉദ്യോഗസ്ഥ വൃന്ദത്തെ (ഇന്ത്യൻ സിവിൽ സർവ്വീസ് ) എങ്ങനെ തരം തിരിച്ചിരിക്കുന്നു.?**

<u>ഇന്ത്യൻ സിവിൽ സർവ്വീസ്</u>

| അഖിലേന്ത്യാ സർവ്വീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
| --- | --- | --- |
| ● ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.<br>● കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു.<br>ഉദാ: ● ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്<br>● ഇന്ത്യൻ പോലീസ് സർവ്വീസ് | ● ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>● കേന്ദ്ര ഗവൺമെൻ്റിന് മാത്രം അധികാരമുള്ള ഭരണ വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉ ദാ: ● ഇന്ത്യൻ ഫോറിൻ സർവീസ്<br>● ഇന്ത്യൻ റെയിൽവേ സർവീസ് | ● സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നു<br>● സംസ്ഥാന ഗവൺമെൻ്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ:- ● സെയിൽസ് ടാക്സ് ഓഫീസർ |

.

**12. കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന ഏജൻസി ഏത്?**
യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യു.പി.എസ്.സി)

**13 .യു.പി.എസ്.സി. ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതാര്?**

RK GHS KADANNAPPALLI

രാഷ്ട്രപതി

**14. സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന ഏജൻസി ഏത്?**
പബ്ലിക് സർവ്വീസ് കമ്മീഷൻ (പി. എസ്.സി)

*ഓരോ സംസ്ഥാനങ്ങൾക്കും നിയമനങ്ങൾ നടത്താൻ പ്രത്യേകം പി.എസ്.സി കളുണ്ട്.

**15. ി. എസ്.സി.ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത്?**
ഗവർണർ

**16. യു.പി.എസ്.സി യെയും പി.എസ്.സിയെയും ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് വിളിക്കുന്നു. കാരണമെന്ത്?**
ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്ന സ്ഥാപനങ്ങളാണ് ഇവ. അതിനാൽ ഇവയെ ഭരണഘടനാ സ്ഥാപനങ്ങൾ എന്നു വിളിക്കുന്നു.

**17. ഭരണ നവീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?**
ഭരണനിർവഹണത്തിൻ്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെൻ്റുകൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവ ഭരണ നവീകരണം എന്ന് അറിയപ്പെടുന്നു.

**18. ഇ - ഗവേണൻസ് എന്നാൽ എന്ത്? ഉദാഹരണങ്ങൾ ഏവ?**
ഭരണരംഗത്ത് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഉപയോഗമാണ് ഇ- ഗവേണൻസ്.
ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ., വിവിധ സ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ തുടങ്ങിയവ ഇ-ഗവേണൻസിന് ഉദാഹരണങ്ങളാണ് .

**19 .ഇ - ഗവേണൻസ് കൊണ്ട് ജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?**
● വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
● സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
● സർക്കാർ സേവനം കുറഞ്ഞ ചിലവിലും വേഗത്തിലും ലഭിക്കുന്നു.

RK GHSS KADANNAPPALLI

● ഓഫീസുകളുടെ കാര്യക്ഷമതയും ഗുണമേന്മയും വർധിക്കുന്നു.

**20. ഇ-ഗവേണൻസിനെ കുറിച്ച് മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമിൻ്റെ നിരീക്ഷണം എന്തായിരുന്നു.?**
സുതാര്യവും ചുറുചുറുക്കുമുള്ള ഗവൺമെൻ്റ് പദ്ധതി. എല്ലാവരിലും സുരക്ഷിതമായും വേഗത്തിലും ഡിപ്പാർട്ടുമെൻ്റ് തലത്തിലുമുള്ള തടസ്സങ്ങളില്ലാതെയും എത്തുന്ന വിവരങ്ങൾ . എല്ലാ പൗരന്മാർക്കും യാതൊരു പക്ഷഭേദവുമില്ലാതെ വ്യക്തമായ സേവനം ലഭ്യമാക്കുന്ന പദ്ധതി

**21.** വിവരാവകാശ നിയമം നിലവിൽ വന്നതെപ്പോൾ?

**2005** ൽ

**22.** വിവരാവകാശ നിയമനിർമാണത്തിലേക്ക് നയിച്ച സുപ്രധാനമായ **ഇടപെടൽ നടത്തിയ സംഘടന ഏത്?**
രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ

**23**. വിവരാവകാശ നിയമത്തിൻ്റെ **പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം.?**

● അഴിമതി നിയന്ത്രിക്കുക

● ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വ ബോധമുണ്ടാക്കുക

● ഗവൺമെൻ്റിൻ്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നു.

● കൂടാതെ പൊതു സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കാനും ഈ നിയമത്തിലൂടെ കഴിയുന്നു.

**24**. **എന്തിന് വേണ്ടിയാണ് വിവരാവകാശ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്? അതിൻ്റെ ഘടന എപ്രകാരമാണ്?**
വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും വേണ്ടിയാണ് സംസ്ഥാന തലത്തിലും കേന്ദ്ര തലത്തിലും വിവരാവകാശ കമ്മീഷനുകൾക്ക് രൂപം നല്കിയിട്ടുള്ളത്.
മുഖ്യ വിവരാവകാശ കമ്മീഷണറും പത്തിൽ കുറയാത്ത അംഗങ്ങളും വിവരാവകാശ കമ്മീഷനിൽ ഉണ്ടാകും.

RK GHSS KADANNAPPALLI

**25. വിവരാവകാശ കമ്മീഷണൻ്റെ പ്രവർത്തനം എപ്രകാരമാണ്?**
വിവരാവകാശ നിയമപ്രകാരം നാം ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യ സമയത്തിനകം മറുപടി തരാതിരിക്കുകയോ , അപൂർണ മോ തെറ്റായതോ തൃപ്തികരമല്ലാത്തതോ ആയ മറുപടി തരികയോ ആണെങ്കിൽ കമ്മീഷന് അപ്പീൽ നല്കാവുന്നതാണ്.
കമ്മീഷന് ഈ കാര്യങ്ങൾ ബോധ്യപ്പെട്ടാൽ വിവരങ്ങൾ നല്കുന്നതു വരെ ഓരോ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ **250** രൂപ വീതം പിഴശിക്ഷ ചുമത്താൻ കമ്മീഷന് അധികാരമുണ്ട്.

**26. എന്താണ് സേവനാവകാശ നിയമം?**
സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശ നിയമം.

**27. സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ എന്തെല്ലാം?**

● ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു.
● അർഹതപ്പെട്ട സേവനം നിശ്ചിത കാലത്തിനകം പൗരന് നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കണം.
● സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസിലും അപേക്ഷകർക്ക് മാർഗനിർദ്ദേശം നല്കുന്നതിനും സഹായിക്കുന്നതിനും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കണം.

**28. എന്താണ് ലോക്പാലും ലോകായുക്തയും?**
ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നല്കിയിരിക്കുന്ന സ്ഥാപനങ്ങളാണ് ലോക്പാലും ലോകായുക്തയും.

**29. .ലോക്പാലും ലോകായുക്തയും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**
ലോക്പാൽ :- ദേശീയ തലത്തിൽ അഴിമതി തടയുന്നതിനായി രൂപം നല്കിയ സ്ഥാപനമാണ് ലോക്പാൽ . പൊതു പ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും

RK GHSS KADANNAPPALLI

ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കാനും ലോക്പാലിന് അധികാരമുണ്ട്.
ലോകായുക്ത :- സംസ്ഥാന തലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നല്കിയ സ്ഥാപനമാണ് ലോകായുക്ത.
ലോക്പാലും ലോകായുക്തയും കോടതി നടപടികളുടെ രീതിയിലാണ് പ്രവർത്തിക്കുന്നത്.

**30. സെൻട്രൽ വിജിലൻസ് കമ്മീഷൻ്റെ ലക്ഷ്യമെന്ത്? ഇത് രൂപം കൊണ്ടതെപ്പോൾ?**

അഴിമതി തടയുന്നതിന് ദേശീയ തലത്തിൽ രൂപം നൽകിയ സ്ഥാപനമാണ് ' സെൻട്രൽ വിജിലൻസ് കമ്മീഷൻ . **1964** ലാണ് ഇത് നിലവിൽ വന്നത്.

**31. സെൻട്രൽ വിജിലൻസ് കമ്മീഷൻ്റെ ഘടനയും ചുമതലയും വിശദീകരിക്കുക.**

സെൻട്രൽ വിജിലൻസ് കമ്മീഷൻ്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ടാകും.
അതുപോലെ എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിച്ചു വരുന്നു.
വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷൻ്റെ ചുമതല.

**32. സംസ്ഥാന വിജിലൻസ് കമ്മീഷനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.**

സെൻട്രൽ വിജിലൻസ് കമ്മീഷൻ മാതൃകയിൽ എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെൻ്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ചന്വേഷിക്കുകയാണ് സംസ്ഥാന വിജിലൻസ് കമ്മീഷൻ്റെ ചുമതല . വിജിലൻസ് കേസുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളും നിലവിലുണ്ട്.

**33. ഓംബുഡ്സ്മാൻ സംവിധാനത്തിൻ്റെ ഉദ്ദേശ്യമെന്ത്?**

പൊതുഭരണത്തിൻ്റെ ഭാഗമായ ജനപ്രതിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗയോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരെ പരാതി നല്കാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ.

RK GHSS KADAMPAPALLI

**34. ആരെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്?**
**ഓംബുഡ്സ്മാൻ്റെ പ്രവർത്തനം എപ്രകാരമാണ്?**
**(ഓംബുഡ്സ്മാൻ്റെ ചുമതലകൾ എന്തെല്ലാം?)**

സർവീസിൽ നിന്ന് വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.
ജനങ്ങൾക്ക് നേരിട്ട് ഓംബുഡ്സ്മാന് പരാതി നല്കാം.
പരാതി ലഭിച്ചാൽ ആരെയും വിളിച്ച് വരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും അദ്ദേഹത്തിന് അധികാരമുണ്ട്.



RATHEESH K
HST SOCIAL SCIENCE
GHSS KADANNAPPALLI

GHSS KADANNAPPALLI
RK